# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1942 | 05/10/2016 -ൽ മറുപടിക്ക്

## ജലനിധി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. റോജി എം.ജോൺ<br>ശ്രീ. എ.പി.അനിൽകുമാർ | | മാത്യൂ ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലനിധി പദ്ധതി ഒന്നാം ഘട്ടം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ; | (എ) | ജലനിധി ഒന്നാംഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതി പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിക്കുകയും തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സമിതികളെ ഏല്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ആരുടെയെല്ലാം പങ്കാളിത്തത്തോടെ യാണ് ഇത് നടപ്പിലാക്കുന്നത്; വിവരിക്കുമോ; | (ബി) | പദ്ധതി ചെലവിന്റെ 75% സർക്കാരും, 10% ഗ്രാമ പഞ്ചായത്തും, 15% ജനങ്ങളും ചേർന്ന് വഹിക്കുന്നു. പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിന് കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസിയും (ജലനിധി), അവർ നിയോഗിച്ച സഹായസംഘടനയിലെ ഉദ്യോഗസ്ഥരും പഞ്ചായത്തുകളേയും, ഗുണഭോക്തൃ സംഘങ്ങളേയും സഹായിക്കുന്നു. |
| (സി) | പദ്ധതിയനുസരിച്ച് എത്ര പഞ്ചായത്തുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | ജലനിധി ഒന്നാംഘട്ടം ആലപ്പുഴ ഒഴികെയുള്ള കേരളത്തിലെ ജില്ലകളിലെ തിരഞ്ഞെടുത്ത 112 ഗ്രാമ പഞ്ചായത്തുകളിലാണ് നടപ്പിലാക്കിയത്. |
| (ഡി) | എത്ര ശുദ്ധജല വിതരണ പദ്ധതികളാണ് ഇതനുസരിച്ച് പൂർത്തിയാക്കിയത്; വിശദമാക്കുമോ? | (ഡി) | 3710 കുടിവെള്ള പദ്ധതികളാണ് ജലനിധി ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കി തുടർ നടത്തിപ്പിനായി ഗുണഭോക്തൃ സംഘങ്ങളെ ഏല്പിച്ചത്. 1.91 ലക്ഷം കുടുംബങ്ങളിലെ 10.56 ലക്ഷം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ

JSK/